**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് - ടേം പ്രോഗ്രാംസ് (DASP) നടത്തുന്ന ഹ്രസ്വകാല പ്രോഗ്രാമുകളിലെ വിദ്യാർത്ഥികൾക്ക് സർവകലാശാല ലൈബ്രറിയിൽ അംഗത്വം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

Directorate for Applied Short Term Programmes

നമ്പർ. 6529/DASTP/2019/എം.ജി.യു          പ്രിയദർശിനി ഹിൽസ്,തീയതി: 18.12.2019

---

പരാമർശം:-1. സ.ഉ.നം: 2454/DASTP/2019/MGU തീയതി 04.06.2019

2. ഡെപ്യൂട്ടി ലൈബ്രേറിയൻ, DASP യുടെ ഡയറക്ടർക്ക് ഇ-മെയിൽ മുഖേന നൽകിയ കത്ത്, തീയതി 17.09.2019

**<u>ഉത്തരവ്</u>**

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് - ടേം പ്രോഗ്രാംസ് (DASP) നടത്തുന്ന ഹ്രസ്വകാല പ്രോഗ്രാമുകളിലെ വിദ്യാർത്ഥികൾക്ക് സർവകലാശാല ലൈബ്രറി ഉപയോഗിക്കാൻ പരാമർശം (1) പ്രകാരം അനുമതി നല്കിയിരുന്നു. ടി വിദ്യാർത്ഥികൾക്ക് ലൈബ്രറി അംഗത്വം നൽകുന്നത് സംബന്ധിച്ച് പരാമർശം (2) പ്രകാരം ഡെപ്യൂട്ടി ലൈബ്രേറിയൻ ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി.

ഇതിൻ പ്രകാരം, താഴെ പറയുന്ന രീതിയിൽ DASP യിലെ വിദ്യാർത്ഥികൾക്ക് രണ്ടുതരം ലൈബ്രറി അംഗത്വം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വൈസ് ചാൻസിലർ മുമ്പാകെ സമർപ്പിച്ചിരുന്നു.

<u>Type A Membership</u>

1.ഈ മെമ്പർഷിപ് എടുക്കുന്ന വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ LOAN ആയി നൽകുന്നതല്ല, എന്നാൽ REFERENCE ഉൾപ്പെടെയുള്ള ലൈബ്രറിയിലെ മറ്റു സൗകര്യങ്ങൾ ഉപയോഗിക്കാവുന്നതാണ്.

2. ഈ മെമ്പർഷിപ്പിന് Caution Deposit Rs.500/- (അഞ്ഞൂറ് രൂപ) ആയിരിക്കും., ടി വിദ്യാർത്ഥികളുടെ ലൈബ്രറി മെമ്പർഷിപ്പിനുള്ള അപേക്ഷാഫോം, പ്രോഗ്രാം കോ-ഓർഡിനേറ്ററും ഡയറക്ടറും ഒപ്പ് വെച്ച് സമർപ്പിക്കേണ്ടതാണ്.

4. വിദ്യാർത്ഥികൾക്ക് ലൈബ്രറി അംഗത്വം അവസാനിപ്പിക്കുമ്പോൾ ബാധ്യതകൾ ഇല്ലാത്ത പക്ഷം Caution Deposit തിരികെ നല്കാവുന്നതാണ്.

5. DASP യിലെ അന്തിമപരീക്ഷകളുടെ ഹാൾടിക്കറ്റ് വാങ്ങുന്നതിനു മുൻപായി വിദ്യാർത്ഥികൾ ലൈബ്രറി അംഗത്വം അവസാനിപ്പിക്കേണ്ടതും, ലൈബ്രറിയിൽ Dues ഇല്ല എന്നുള്ളത് ഡയറക്ടർ ഉറപ്പാക്കേണ്ടതുമാണ്.

<u>Type B Membership</u>

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 37256/ASSISTANT DASP/2019/DASTP Approved by DEPUTY REGISTRAR on 18-Dec-2019 12:36 PM - Page 1

1 . ഈ മെമ്പർഷിപ് എടുക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ LOAN ആയി എടുക്കുന്നതിനും ലൈബ്രറി REFERENCE നായി ഉപയോഗിക്കുന്നതിനും അനുമതി നല്കാവുന്നതാണ്.

2 . ഈ മെമ്പർഷിപ്പിന് Caution Deposit Rs.1000/- (ആയിരം രൂപ) ആയിരിക്കും., ടി വിദ്യാർത്ഥികളുടെ ലൈബ്രറി മെമ്പർഷിപ്പിനുള്ള അപേക്ഷാഫോം, പ്രോഗ്രാം കോ-ഓർഡിനേറ്ററും ഡയറക്ടറും ഒപ്പ് വെച്ച് സമർപ്പിക്കേണ്ടതാണ്.

3. വിദ്യാർത്ഥികൾക്ക് ഒരു സമയം Loan ആയി എടുക്കാവുന്ന പരമാവധി പുസ്തകങ്ങളുടെ എണ്ണം - 1 (ഒന്ന്). പുസ്തകം പരമാവധി 25 ദിവസം വരെ കൈവശം വയ്ക്കാവുന്നതാണ്.

4. വിദ്യാർത്ഥികൾക്ക് ലൈബ്രറി അംഗത്വം അവസാനിപ്പിക്കുമ്പോൾ ബാധ്യതകൾ ഇല്ലാത്ത പക്ഷം Caution Deposit തിരികെ നല്കാവുന്നതാണ്.

5. DASP യിലെ അന്തിമപരീക്ഷകളുടെ ഹാൾടിക്കറ്റ് വാങ്ങുന്നതിനു മുൻപായി വിദ്യാർത്ഥികൾ ലൈബ്രറി അംഗത്വം അവസാനിപ്പിക്കേണ്ടതും, ലൈബ്രറിയിൽ Dues ഇല്ല എന്നുള്ളത് ഡയറക്ടർ ഉറപ്പാക്കേണ്ടതുമാണ്.

മേൽ പറഞ്ഞ രണ്ടുതരം ലൈബ്രറി അംഗത്വം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും, DASP യിലെ വിദ്യാർത്ഥികൾക്ക് അവരുടെ ആവശ്യപ്രകാരം ഇവയിൽ ഒന്ന് തിരഞ്ഞെടുക്കുവാൻ അനുമതി നൽകികൊണ്ടും 07.12.2019 തീയതിയിൽ വൈസ് ചാൻസിലർ ഉത്തരവായിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

അശോകൻ എൻ കെ

ഡെപ്യൂട്ടി രജിസ്ട്രാർ

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാറുടെ പി.എ
3. യൂണിവേഴ്സിറ്റി ലൈബ്രേറിയൻ
4. ഡയറക്ടർ (i/c), DASP
5. സ്കൂൾ,സെൻററർ തലവന്മാർ / പ്രോഗ്രാം കോ-ഓർഡിനേറ്ററുമാർ
6. റെക്കോർഡ്സ് സെക്ഷൻ
7. കരുതൽ ഫയൽ / ഫയൽ പകർപ്പ്

Draft #3 of File 37256/ASSISTANT DASP/2019/DASTP Approved by DEPUTY REGISTRAR on 18-Dec-2019 12:36 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല